ശ്രീ. പ്രാക്കുളംഭാസി: ഇതെസംബന്ധിച്ചുള്ള ഡിസ്കഷൻ നടത്തുന്നതിനു ധാരാളം സമയമുള്ളതുകൊണ്ട് കാസ്റ്റ്യൽ ഒൗവർ ക്യാൻസൽ ചെയ്യരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

SHRI P. BHASKARAN NAIR: I also feel that there is no need to suspend the question-hour, because there are 3 days for the discussion of the S. R. C. Report.

SHRI T. T. DANIEL: I would suggest that one or two days more may be allotted for the discussion of the S. R. C. Report.

MR. SPEAKER: We can consider that suggestion later.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

രണ്ടാംപഞ്ചവത്സരപദ്ധതി.

* 641 [1] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തിനു അനുവദിച്ചിട്ടുള്ള തുകയുടെ അവസാനരൂപം എന്താണ്;

(ബി) ഈ തുകയിൽ സംസ്ഥാനഗവണ്മെന്റു വഹിക്കേണ്ട തുക എത്ര; കേന്ദ്രഗവണ്മെന്റു വഹിക്കുന്ന തുക എത്ര;

(സി) കേന്ദ്രത്തിൽനിന്നു തരുന്നതു ഗ്രാന്റായിട്ടാണോ, ലോൺ ആയിട്ടാണോ;

(ഡി) ഇതുകൂടാതെ കേന്ദ്രത്തിൽനിന്നു നേരിട്ടു നടത്തുന്ന പദ്ധതി എന്തെല്ലാം; എത്ര തുക ആ ഇനത്തിൽ ചെലവഴിക്കും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 75.63 കോടി രൂപയുടെ പദ്ധതികൾ മാത്രമെ ഇപ്പോൾ തീരുമാനിച്ചു കഴിഞ്ഞിട്ടുള്ളൂ.

(ബി) നഗര ശുദ്ധജലവിതരണപദ്ധതികൾ, ഇൻഡ്രിയൽ പദ്ധതികൾ, നാട്ടിൻപുറത്തുള്ള തദ്ദേശ വികസനപദ്ധതികൾ, വ്യവസായ പദ്ധതികൾ എന്നിവയ്ക്കുള്ള തുകകൾ തീരുമാനിച്ചു കഴിഞ്ഞിട്ടില്ല. അവ ഇനിയും തീരുമാനിച്ചു അറിയിക്കേണ്ടതായിട്ടാണിരിക്കുന്നതു. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിലേയ്ക്കുവേണ്ടി ഒരു തുക കൂടി ലഭിക്കുമെന്നു വിചാരിക്കുന്നുണ്ട്. സാമൂഹ്യവികസനം, വീടുനിർമ്മാണം, പിന്നാക്കവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിനും, ഗ്രാമീണവ്യവസായങ്ങൾക്കും, ചെറുകിട വ്യവസായങ്ങൾക്കും ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകകൾ അവസാനമായി തീരുമാനിച്ചിട്ടുള്ളതല്ല; പ്രൊവിഷണലായി അനുവദിച്ചിട്ടുള്ളതാണ്. ഇനിയും സംഖ്യകൾ അതിലേയ്ക്കു കിട്ടും. ഇതിൽ സംസ്ഥാനഗവണ്മെന്റു വഹിക്കാമെന്നു സമ്മതിച്ചിട്ടുള്ളതു 30 കോടി രൂപയും ബാക്കി കേന്ദ്രഗവണ്മെന്റു വഹിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാന്റായിട്ടും ലോണായിട്ടുമാണോ സംഖ്യകൾ കിട്ടുക; ഓരോ ഇനത്തിൽ എത്ര എന്നുള്ളതു തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

(ഡി) കേന്ദ്രത്തിൽനിന്നും നേരിട്ടു ചില പദ്ധതികൾ നമ്മുടെ രാജ്യത്തു നടത്തുന്നതാണ്. അതെവിടെയെല്ലാമാണെന്നും എത്ര ചെലവുള്ളതാണെന്നും പറയാറായിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: രണ്ടാംപഞ്ചവത്സരപദ്ധതിക്കുവേണ്ടിയുള്ള തുകയുടെ പരിപൂർണ്ണവിവരങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു കൃത്യമായി പറയാൻ കഴിയുകയില്ല. അതു് ഫ്ളെക്സിബിളായിട്ടുള്ള അറേഞ്ച്മെൻറാണ്.

ശ്രീ. പി. കെ. യശോധരൻ: ഏപ്രിൽ ഒന്നാംതീയതി പൂർത്തിയാകും എന്നു നേരത്തെ പ്രസ്താവിച്ചതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രസ്താവനകൾ ഉണ്ടായിരിക്കാം. ഏപ്രിൽ ഒന്നാംതീയതിക്കുശേഷവും അതിനാവശ്യമായ ചില ഭേദഗതികൾ ഉണ്ടാകുന്നതാണ്.

ശ്രീ. പി. കെ. യശോധരൻ: അടുത്ത അഞ്ചുവർഷംവരെ ഇങ്ങനെ ഈ തുകകൾ തീരുമാനിക്കപ്പെടുന്നതു പൂർത്തിയാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ പ്രൊവിഷണലായിട്ടുള്ള തീരുമാനമാണു ചെയ്തിരിക്കുന്നതു്. ഇനിയും ചില കാര്യങ്ങൾകൂടി നടത്തുന്നതിനുള്ള അനുവാദങ്ങൾ കിട്ടിയേയ്ക്കാം.

ശ്രീ. പി. കെ. യശോധരൻ: ഒന്നാംപഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചിടത്തോളം അങ്ങനെയാണോ ഉണ്ടായിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണു് ഉണ്ടായിട്ടുള്ളതു്.

ശ്രീ. എൻ. ജി. ചാക്കോ: ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയുടെ അപര്യാപ്തമാണെന്നുള്ള വിവരം കേന്ദ്രഗവണ്മെൻറിനെ ഈ ഗവണ്മെൻറ് അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയിച്ചിട്ടുണ്ടു്. കേന്ദ്രഗവണ്മെൻറുമായി അതെപ്പറ്റി എഴുത്തുകുത്തുകളും നടത്തിയിട്ടുണ്ടു്. അപ്പോൾ ജനസംഖ്യയുടെ തോതനുസരിച്ചു നമുക്കു ലഭിക്കേണ്ട തുക ആൻപത്തിഅഞ്ചുകോടി രൂപയാണെങ്കിലും നമ്മുടെ ചില പ്രത്യേക വിഷമങ്ങളെ പരിഗണിച്ചു് ഇപ്പോൾ എഴുപത്തിയാറുകോടി രൂപ തുക്കി. ആ ഒരു പരിഗണനമാത്രം പോരാ എന്നും ഇനിയും മറ്റു പദ്ധതികൾക്കു വേണ്ടിയും കൂടുതൽ രൂപ ഈ സ്റ്റേറിനുവേണ്ടി ചെലവാക്കേണ്ടതാണെന്നും പ്ലാനിംഗ് അഡ്വൈസറിബോർഡ് അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: എത്രകോടി രൂപയുടെ ധനസഹായമാണു് ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ധനസഹായം ആവശ്യപ്പെട്ടിട്ടില്ല. ഈ സംസ്ഥാനത്തിലേയ്ക്ക് ആവശ്യമായ കാര്യങ്ങളെ പരിഗണിച്ചു ഒരു ഡ്രാഫ്റ്റ് പ്ലാൻ കേന്ദ്ര ഗവണ്മെൻറിനു സമർപ്പിച്ചു. ആ പ്ലാനിൻെറ പരിമാണം 130 കോടി രൂപ ആയിരുന്നു.

ശ്രീ. എം. വി. ചെറിയാൻ: ഇപ്പോഴത്തെ തീരുമാനം ഒരു ഫെഡ്ക്ലിബിൾ അറേഞ്ച്മെൻറാണെന്നു പറഞ്ഞു. അപ്പോൾ ഇനിയും കൂടുതൽ തുക ഈ സംസ്ഥാനത്തിനു അനുവദിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജനസംഖ്യയുടെ തോതനുസരിച്ചു നോക്കുന്നപക്ഷം അൻപത്തിഅഞ്ചുകോടി രൂപയാണ് നമ്മുടെ പ്ലാനുകൾക്കുവേണ്ടി അനുവദിക്കേണ്ടതു്. അതായതു്, നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യ ഇൻഡ്യയിലെ ആകെ ജനസംഖ്യയുടെ നാല്പതിലൊന്നാണു്. സ്റ്റേറ്റ് ഗവണ്മെൻറുകൾക്കുവേണ്ടി പ്ലാനിംഗ് കമ്മീഷൻ രണ്ടാമത്തെ പഞ്ചവത്സരപദ്ധതിക്കുവേണ്ടി ചെലവാക്കാൻ നീക്കിവച്ചിട്ടുള്ള തുക 2250 കോടി രൂപയാണു്. അപ്പോൾ ജനസംഖ്യയുടെ കണക്കനുസരിച്ചു നമുക്കു 55 കോടി രൂപയുടെ പ്ലാനാണു് ലഭിക്കുന്നതു്. പക്ഷെ ഈ സ്റ്റേറ്റ് ഗവണ്മെൻറിൻെറയും ഈ നിയമസഭയിലെ അംഗങ്ങളുടെ ആവശ്യത്തിനുള്ള അഭിപ്രായത്തിൻെറയും വെളിച്ചത്തിൽ അതു തൽക്കാലം 76 കോടി രൂപയുടെ ഒരു പ്ലാനായിട്ടു നിശ്ചയിച്ചു. ഇനിയും അനേകം കാര്യങ്ങൾ തീരുമാനിക്കപ്പെടേണ്ടതായിട്ടുണ്ടു്. അതാണു് ഞാൻ പറഞ്ഞതു് 76 കോടിയല്ല, വളരെ ഉയർന്ന സംഖ്യയുള്ള പ്ലാൻ നമുക്കു കിട്ടുന്നതാണെന്നു്.

ശ്രീ. കെ. എ. ബാലൻ: ഇതിൽ വ്യവസായ വികസനത്തിനു വേണ്ടി എത്ര തുക മാറ്റി വച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെപ്പറ്റിയുള്ള ഡ്രാഫ്റ്റ് പ്രിൻറ് ചെയ്തു വച്ചിട്ടുണ്ടു്. അതേപ്പറ്റി അവസാന തീരുമാനമൊന്നും എടുത്തിട്ടില്ല.

ശ്രീ. കെ. എ. ബാലൻ: അതെത്ര ശതമാനമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റി അവസാന തീരുമാനമൊന്നും എടുത്തിട്ടില്ലാ എന്നു ഞാൻ പറഞ്ഞല്ലോ.

ശ്രീ. കെ. എ. ബാലൻ: എത്ര ശതമാനം എന്നു ഞാൻ ചോദിച്ചതു വ്യവസായ വികസനത്തിനുവേണ്ടിയും, ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള ശതമാനം അനുസരിച്ചു ആ നയം തന്നെയാണോ ഈ സ്റ്റേറ്റിലും തുടർന്നുകൊണ്ടു പോകുന്നതെന്നറിയാനാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ സംബന്ധിച്ചു അവസാന തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: നമ്മുടെ സ്റ്റേറ്റിൻെറ വിഷമങ്ങളെ കേന്ദ്രഗവണ്മെൻറിനെ അറിയിച്ചതിനെ പരിഗണിച്ചു അതിനനുസരണമായ വിഹിതം നമുക്കു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒക്കെ അറിയിച്ചിട്ടല്ലേ ഇത്രയും കിട്ടിയതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം മാസി : 130 കോടി രൂപയുടെ പ്ലാനാകും ഈ ഗവണ്മെന്റ് സമർപ്പിച്ചിട്ടു അതു് 55 കോടിയായി ആദ്യമെ കുറയ്ക്കുകയും വീണ്ടും അതു് 76 കോടിയായി ഉയർത്തുകയും ചെയ്തു. പിന്നീടു് അതു് ഫ്രീക്സിബിൾ അറേഞ്ച്മെന്റാണെന്നും പറഞ്ഞു. അങ്ങിനെയാണെങ്കിൽ ഓരോവർഷവും നമുക്കാവശ്യമായ തുകകൾ ലഭിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബർ ഉൾപ്പെടെ എല്ലാ അംഗങ്ങളുടേയും അഭിപ്രായം അനുസരിച്ചു ഈ ഗവണ്മെന്റ് ഇൻഡ്യാ ഗവണ്മെൻറിനോടു നിവേദനം നടത്തുകയുണ്ടായി. അതിന്റെ ഫലമായി ജനസംഖ്യ അനുസരിച്ചു നമുക്കു ലഭിക്കേണ്ടതു് 55 കോടിയാണെങ്കിലും നമ്മുടെ വാദങ്ങളെ പരിഗണിച്ചു അതു് 76 കോടിയായി അനുവദിച്ചു. ഇനിയും അനേകം ഇനങ്ങളിൽ തുക അനുവദിക്കാനുണ്ടു്.

ശ്രീ. പ്രാക്കുളം മാസി : ഒന്നാംപഞ്ചവത്സരപദ്ധതിക്കു വേണ്ടി മുപ്പതുകോടി രൂപയല്ലേ അനുവദിച്ചിരുന്നതു്. അതു് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വളരെ കുറവായിരുന്നില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒന്നാംപഞ്ചവത്സരപദ്ധതിയിൽ 30 കോടി രൂപ അനുവദിച്ചു എങ്കിലും എല്ലാം കൂടി കണക്കാക്കിട്ടു 35 കോടി രൂപയാണു് അനുവദിച്ചിരിക്കുന്നതു്.

ശ്രീ. പ്രാക്കുളം മാസി : അതും കുറവായിരുന്നില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല. ഒന്നാംപഞ്ചവത്സരപദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ളതു് 2200 കോടി രൂപയാണു്. അതിന്റെ ഏകദേശം നാൽപ്പതിലൊരുഭാഗമായി വരുന്ന തുക നമുക്കു ലഭിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം മാസി : ഒന്നാം പഞ്ചവത്സരപദ്ധതിക്കായി അനുവദിച്ചിട്ടുള്ള മുപ്പതോ മുപ്പത്തിഅഞ്ചോ കോടി രൂപ മുഴുവൻ ഈ വർഷാവസാനത്തിൽ ചെലവാക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു മുഴുവൻ ചെലവാക്കുമെന്നു വിശ്വസിക്കുന്നില്ല.

ശ്രീ. പ്രാക്കുളം മാസി : അതു് സംസ്ഥാനഗവണ്മെന്റിന്റെ കുറ്റം കൊണ്ടാണെന്നു പരിഗണിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനുവദിച്ചിട്ടുള്ള തുക മുഴുവൻ ചെലവാക്കാൻ സാധിക്കാതെ വരികയാണെങ്കിൽ അതു സംസ്ഥാന ഗവണ്മെന്റിന്റെ കുറ്റമായി പരിഗണിക്കുന്നതു എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. പി. മാസ്തരൻ നായർ : ഈ ഗവണ്മെന്റിൽനിന്നും സമർപ്പിച്ച 130 കോടി രൂപയുടെ പ്ലാനിൽ കുറവു ചെയ്തിട്ടുള്ളതു ഏതേതിനങ്ങളിലാണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ സംബന്ധിച്ചുള്ള വിവരങ്ങൾ, അതായത് സെക്കൻഡ് ഫൈവ് ഈയർ ട്രാഫിറ്റ പ്ലാനിന്റെ കാപ്പി എല്ലാ അംഗങ്ങൾക്കും സബ്മിറ്റ ചെയ്തിട്ടുണ്ട്. അതു നോക്കിയാൽ ഏതിലാണ് കുറവു വരുത്തിയതെന്നു കാണാവുന്നതാണ്.

പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

*642. [2] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസും ഗവണ്മെൻറ്സ്കൂൾ അദ്ധ്യാപകന്മാരോടൊപ്പം ഉയർത്തുന്നതിനു കേന്ദ്രത്തിൽനിന്നും വല്ല ധനസഹായവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഇല്ലെങ്കിൽ എങ്ങനെ ഈ പ്രശ്നം പരിഹരിക്കും;

(ഡി) എന്നത്തേയ്ക്കു പരിഹരിക്കും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസും ഗവണ്മെൻറ്സ്കൂൾ അദ്ധ്യാപകന്മാരോടൊപ്പം ഉയർത്തുന്നതിനു കേന്ദ്രത്തിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല. അതുകൊണ്ടു നമ്മുടെ രാജ്യത്തെ അദ്ധ്യാപകന്മാരുടെ ശമ്പളം ഉയർത്തുന്നതിനുവേണ്ടി ഇൻഡ്യാഗവണ്മെൻറിൽനിന്നും സഹായം വേണമെന്നു ഈ ഗവണ്മെൻറ് എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യാ ഗവണ്മെൻറിൽനിന്നും അനുകൂലപൂർവ്വമായ ഒരു മറുപടി പ്രതീക്ഷിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്നുള്ളതിലേയ്ക്കു പേ കമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പേ കമ്മീഷന്റെ റിപ്പോർട്ടിന്മേലുള്ള ഓർഡർ ഉടനെ ചെയ്യുന്നതോടുകൂടി ഇതേ സംബന്ധിച്ചുള്ള ഓർഡറും ചെയ്യുന്നതാണ്.

(ഡി) എന്നത്തേയ്ക്കു പരിഹരിക്കാമെന്നു കൃത്യമായി പറയുവാൻ സാധിക്കുന്നില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ പേ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള ഓർഡർ പുറത്തുവരുന്നതാണ്.

ശ്രീ. പി. കെ. യശോധരൻ : ഏപ്രിൽ ഒന്നാംതീയതി മുതൽ ഇതു നടപ്പിൽ വരുത്തുമെന്നല്ലേ മുഖ്യമന്ത്രി വാഗ്ദാനം ചെയ്തിട്ടുള്ളതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏപ്രിൽ ഒന്നാംതീയതി മുതൽ തന്നെ നടപ്പിൽ വരുത്തുന്നതിനു് അതിനെ സംബന്ധിച്ചു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ : പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഏപ്രിൽ ഒന്നാംതീയതി മുതൽ വർദ്ധിപ്പിക്കുന്നതാണെന്നു മുഖ്യമന്ത്രി വാഗ്ദാനം ചെയ്തിരുന്നിട്ടും അതു നടപ്പിലാക്കാതിരുന്നതു് എന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly